"CORRUPTION, A CRIME AGAINST NATION"

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി.20.11.2025

# ഓപ്പറേഷൻ "ബ്ലാക്ക് ബോർഡ്" :- സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, അസ്സിസ്റ്റന്റ് ഡയറക്ടർ, ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ഓഫീസർ എന്നിവരുടെ ഓഫീസുകളിൽ വിജിലൻസ് നടത്തിയ സംസ്ഥാനതല മിന്നൽ പരിശോധനയിൽ വ്യാപക ക്രമക്കേടുകളും അഴിമതിയും കണ്ടെത്തി.

സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിന്റെ ചുമതലയുള്ള റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിലും, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളുടെ ചുമതലയുള്ള അസ്സിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളിലും, ഹൈസ്കൂളുകളുടെ ചുമതലയുള്ള ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപകരുടെ സർവ്വീസ് സംബന്ധമായ വിവിധ വിഷയങ്ങളിൽ അഴിമതിയും ക്രമക്കേടുകളും നടക്കുന്നതായി വിജിലൻസിന് ലഭിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർ **ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ്** ന്റെ നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ 41 ജില്ലാ വിദ്യാഭ്യാസ ഓഫീസുകളും, 7 റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളും, 7 അസ്സിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളും ഉൾപ്പെടെ 55 ഓഫീസുകളിൽ ഇന്നലെ

(19.11.2025) **രാവിലെ 10.30 മണി** മുതൽ 5 മണി വരെ **"ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്"** എന്ന പേരിൽ സംസ്ഥാന തലത്തിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ വ്യാപക ക്രമക്കേടുകളും അഴിമതിയും കണ്ടെത്തി.

എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപക നിയമനം, നിയമനം ക്രമവത്ക്കരിക്കൽ, പുതിയ തസ്തിക സൃഷ്ടിക്കൽ, ഭിന്നശേഷി സംവരണ പ്രകാരമുള്ള തസ്തികകളിലെ നിയമനങ്ങളും അവയുടെ ക്രമവത്കരണം എന്നീ സംഗതികളിൽ ചില ഉദ്യോഗസ്ഥർ ഫയലുകളിൽ നടപടി എടുക്കുന്നതിനായി ഉദ്യോഗാർത്ഥികളിൽ നിന്നും കൈക്കൂലിയായി പണം കൈപ്പറ്റാറുണ്ടെന്നും, ഇതിനായി ഫയലുകളിലെ ന്യൂനതകൾ പരിഹരിക്കുന്നതിനെന്ന പേരിൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും തന്നെ വിരമിച്ച ചില ഉദ്യോഗസ്ഥരെ സർവ്വീസ് കൺസൾട്ടന്റുകൾ എന്ന രീതിയിൽ  സമീപിക്കാൻ ഉദ്യോഗാർത്ഥികളെ ചില ഉദ്യോഗസ്ഥർ നിർബന്ധിതരാക്കുകയും, ഈ വിരമിച്ച ഉദ്യോഗസ്ഥർ ഇടനിലക്കാരായി നിന്ന് വലിയ തുക അദ്ധ്യാപകരിൽ നിന്നും കൈക്കൂലിയായി വാങ്ങിയെടുത്ത്  വിദ്യാഭ്യാസ ഓഫീസിലെ ചില ഉദ്യോഗസ്ഥർക്ക് വീതം വച്ച് നൽകുന്നതുമായാണ് വിജിലൻസിന് വിവരം ലഭിച്ചത്.  കൂടാതെ എയ്ഡഡ് മേഖലയിലെ അദ്ധ്യാപക/അനദ്ധ്യാപകരുടെ  സർവ്വീസ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ ഉദ്യോഗസ്ഥർ അനാവശ്യ കാലതാമസം വരുത്തുന്നതായും, ഭൂരിഭാഗം അപേക്ഷകളും ചില ഉദ്യോഗസ്ഥർ  വിവിധ കാരണങ്ങൾ പറഞ്ഞ് വൈകിപ്പിക്കാറുള്ളതായും, ആനുകൂല്യങ്ങൾക്ക് ആനുപാതികമായ കൈക്കൂലി ലഭിച്ചാൽ മാത്രമേ പ്രസ്തുത അപേക്ഷകളിൽ ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കാറുള്ളുവെന്നും വിജിലൻസിന് വിവരം ലഭിച്ചിരുന്നു.

വിജിലൻസ് സംസ്ഥാന തലത്തിൽ നടത്തിയ മിന്നൽ പരിശോധനയിൽ, ചില ഓഫീസുകളിലെ ഉദ്യോഗസ്ഥർ എയ്ഡഡ് മേഖലയിലെ അദ്ധ്യാപക/അനദ്ധ്യാപകരുടെ സർവ്വീസ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി ഉദ്യോഗസ്ഥരിൽ നിന്നും ഗൂഗിൾ പേ മുഖാന്തിരം പണം കൈപ്പറ്റിയതും, ആയതിനുവേണ്ടി എയ്ഡഡ് മേഖലയിലെ

അദ്ധ്യാപക/അനദ്ധ്യാപകരുടെ സർവ്വീസ് ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകളിൽ അനാവശ്യ കാലതാമസം വരുത്തിയിരിക്കുന്നതായും കണ്ടെത്തി. ചില ഓഫീസുകളിൽ നടത്തിയ മിന്നൽ പരിശോധനയിൽ എയ്ഡഡ് മേഖലയിൽ ഭിന്നശേഷി സംവരണ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകിയിരിക്കുന്നതായി കണ്ടെത്തി. ചില എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക തസ്തിക നിലനിർത്തുന്നതിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ഉദ്യോഗസ്ഥരുടെ ഒത്താശയോട് കൂടി കേന്ദ്രീയ വിദ്യാലയത്തിലും മറ്റ് അൺഎയ്ഡഡ് സ്കൂളുകളിലും പഠിക്കുന്ന കുട്ടികളെ അഡ്മിഷൻ എടുത്തതായി കാണിച്ച് അറ്റൻഡൻസ് നൽകിയിരിക്കുന്നതായും കണ്ടെത്തി.

തിരുവനന്തപുരം ജില്ലയിൽ നടത്തിയ മിന്നൽ പരിശോധനയിൽ തിരുവനന്തപുരം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ കീഴിൽ വരുന്ന ഒരു സ്കൂളിൽ ഭിന്നശേഷി സംവരണം പാലിക്കാതെ 11 അദ്ധ്യാപകരെ നിയമിച്ചിരിക്കുന്നതായി കണ്ടെത്തി.

ആലപ്പുഴ ജില്ലയിൽ നടത്തിയ മിന്നൽ പരിശോധനയിൽ, കുട്ടനാട് വിദ്യാഭ്യാസ ഓഫീസിലെ എയ്ഡഡ് നിയമനാംഗീകാരവുമായി ബന്ധപ്പെട്ട സെക്ഷനിലെ ഒരു സീനിയർ ക്ലർക്കിന്റെ ഗൂഗിൾ പേ അക്കൗണ്ടിലേക്ക് ഈ ഓഫീസിന്റെ പരിധിയിൽ വരുന്ന രണ്ട് എയ്ഡഡ് സ്കൂളുകളിലെ ക്ലർക്കുമാരുടെ അക്കൗണ്ടിൽ നിന്ന് 77,500/- രൂപ ലഭിച്ചതായി കാണപ്പെട്ടു. ആലപ്പുഴ വിദ്യാഭ്യാസ ഓഫീസിലെ ഒരു ഉദ്യോഗസ്ഥന്റെ ഗൂഗിൾ പേ അക്കൗണ്ടിലേക്ക് സംശയാസ്പദമായി 1,40,000/- രൂപ ലഭിച്ചതിന് ഉദ്യോഗസ്ഥന് വ്യക്തമായ വിശദീകരണം നൽകാൻ സാധിച്ചില്ല.

മലപ്പുറം ജില്ലയിൽ നടത്തിയ മിന്നൽ പരിശോധനയിൽ മലപ്പുറം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ഒരു ഉദ്യോഗസ്ഥൻ ഒരു എയ്ഡഡ് സ്കൂൾ അദ്ധ്യാപകനിൽ നിന്നും 2000/- രൂപ ഗൂഗിൾ പേ മുഖാന്തിരം വാങ്ങിയതായി കാണപ്പെട്ടു. പരിശോധനയിൽ അദ്ധ്യാപകന്റെ ബൈട്രാൻസ്ഫർ അപേക്ഷ

പ്രോസസ് ചെയ്യുന്നതിനായുള്ള പ്രതിഫലമായാണ് ഈ പണം കൈപ്പറ്റിയതെന്ന് വിവരം ലഭിച്ചു. കൂടാതെ ഈ ഉദ്യോഗസഥന്റെ തന്നെ ഗൂഗിൾ പേ അക്കൗണ്ടിൽ സംശയാസ്പദവും ഉദ്യോഗസ്ഥന് വിശദീകരണം നൽകാൻ കഴിയാത്തതുമായ 20,500/- രൂപയുടെ ഇടപാടുകളും കണ്ടെത്തി. മിന്നൽ പരിശോധനയിൽ മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും കണക്കിൽപ്പെടാത്ത 4,900/- രൂപ വിജിലൻസ് പിടിച്ചെടുത്തു.

കണ്ണൂർ ജില്ലയിൽ നടത്തിയ മിന്നൽ പരിശോധനയിൽ, തളിപ്പറമ്പ ജില്ലാ വിദ്യാഭ്യാസ ഓഫീസിന് കീഴിൽ വരുന്ന ഒരു എയ്ഡഡ് സ്കൂളിൽ അദ്ധ്യാപക തസ്തിക നലനിർത്തുന്നതിനായി സ്കൂളിൽ പഠിക്കാത്ത 3 കുട്ടികളെ അഡ്മിഷൻ എടുത്തതായി കാണിച്ച് അറ്റൻഡൻസ് അനുവദിച്ചിരിക്കുന്നതായും, ഇതിൽ ഒരു കുട്ടി കേന്ദ്രീയ വിദ്യാലയത്തിൽ നിലവിൽ പഠിക്കുന്ന കുട്ടിയാണെന്നും വിജിലൻസ് കണ്ടെത്തി. തലശ്ശേരി വിദ്യാഭ്യാസ ഓഫീസിന് കീഴിൽ വരുന്ന ഒരു എയ്ഡഡ് സ്കൂളിൽ അദ്ധ്യാപക തസ്തിക നിലനിർത്തുന്നതിനായി ഒരു ക്ലാസിൽ 28 കുട്ടികൾ പഠിക്കുന്നതായി കാണിച്ച് അറ്റൻഡൻസ് അനുവദിച്ചിരിക്കുന്നതായും, എന്നാൽ സ്കൂളിൽ നേരിട്ട് നടത്തിയ പരിശോധനയിൽ ഈ ക്ലാസിൽ 9 കുട്ടികൾ മാത്രമാണ് പഠിക്കുന്നതെന്നും ഈ സ്കൂളിൽ പഠിക്കാത്ത 19 കുട്ടികളെ അധികമായി അഡ്മിഷൻ എടുത്തതായി കാണിച്ച് അറ്റഡൻസ് നൽകിവരുന്നതായും കണ്ടെത്തി.

എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപകരുടെ നിയമനങ്ങളിലും, നിയമനങ്ങൾ ക്രമപ്പെടുത്തുന്നതിലും, സർവ്വീസ് സംബന്ധമായ വിവിധ വിഷയങ്ങളിലും വിദ്യാഭ്യാസ ഓഫീസുകളിലെ ഉദ്യോഗസ്ഥർ പണം കൈക്കൂലിയായി കൈപ്പറ്റുന്നതും, കൈക്കൂലിപ്പണം വാങ്ങി ഉദ്യോഗസ്ഥർ ക്രമക്കേടുകൾക്ക് കൂട്ടു നിൽക്കുന്നതും വിജിലൻസ് അതീവ ഗൗരവത്തിൽ കാണുന്നുവെന്നും, മിന്നൽ പരിശോധനയുടെ ഭാഗമായുള്ള തുടർ പരിശോധനകൾ വരും ദിവസങ്ങളിലും തുടരുമെന്നും, സംശയം ഉള്ള ഉദ്യോഗസ്ഥരുടെയും കുടുംബാംഗങ്ങളുടെയും, ഏജന്റുമാരായി പ്രവർത്തിക്കുന്ന സർവ്വീസ് കൺസൾട്ടന്റുമാരുടെയും ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ

ഉൾപ്പെടെ ശേഖരിച്ച് വിശദ പരിശോധന നടത്തുമെന്നും വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അറിയിച്ചു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ, വിജിലൻസിന്റെ ടോൾ ഫ്രീ നമ്പറായ 1064 എന്ന നമ്പറിലോ, 8592900900 എന്ന നമ്പറിലോ, വാട്ട്സ്ആപ്പ് നമ്പറായ 9447789100 എന്ന നമ്പറിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ് അഭ്യർത്ഥിച്ചു.